പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. **6880**

10.07.2014 ലെ മറുപടിയ്ക്ക്

ഐ.ടി.മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. സി. ദിവാകരൻ | ശ്രീ . ഷിബു ബേബി ജോൺ (ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി. മേഖലയിലെ തൊഴിൽ നിയമ ലംഘനങ്ങൾ തടയുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ; | (എ) തൊഴിൽ വകുപ്പിലെ ഉദ്യോഗസ്ഥർ ജില്ലാടിസ്ഥാനത്തിൽ ഐ.ടി കമ്പനികളിൽ പരിശോധന നടത്തി തൊഴിൽ നിയമങ്ങളിലെ ബന്ധപ്പെട്ട വ്യവസ്ഥകൾ തൊഴിലുടമ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പ് വരുത്താറുണ്ട്. തൊഴിലുടമകൾ നൽകാനുള്ള വാർഷിക, അർദ്ധ വാർഷിക, ത്രൈമാസിക റിട്ടേണുകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |
| (ബി) എവിടെയെല്ലാമാണ് തൊഴിൽ ലംഘനങ്ങൾ നടക്കുന്നത് ; | (ബി) സംസ്ഥാനത്ത് ഐ.ടി. മേഖലയിൽ പ്രവർത്തിക്കുന്ന ചില സ്ഥാപനങ്ങളിൽ തൊഴിലാളികൾക്ക് നോട്ടീസ് കൊടുക്കാതെയുള്ള പിരിച്ചുവിടൽ, ദേശീയ ഉൽസവാവധികൾ നൽകാതിരിക്കുക, അവധി ദിവസങ്ങളിൽ ജോലി ചെയ്യുന്നതിന് നിയമാനുസൃതമായി നൽകേണ്ട കോമ്പൻസേറ്ററി ഹോളിഡേയും വേതനവും നിഷേധിക്കുക മുതലായ നിയമ ലംഘനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ നിയമലംഘനം നടത്തിയതായി ബോധ്യപ്പെട്ട തൊഴിൽ ഉടമകൾക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) തൊഴിൽ ലംഘനം നടത്തിയതിന്റെ പേരിൽ എത്ര നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട് ? | (സി) സംസ്ഥാനത്ത് 16 ഐ.ടി.സ്ഥാപനങ്ങളിൽ തൊഴിൽ നിയമ ലംഘനങ്ങൾ നടക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ട്. അതിൽ ആറ് സ്ഥാപനങ്ങൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്. |

Sreeclas

സെക്ഷൻ ഓഫീസർ